കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20

പാസ്പോർട്ട് സൈസ് ഫോട്ടോ ഇവിടെ ഒട്ടിക്കണം

## കലാപരിശീലനത്തിന് ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേര്

2. വയസ്സും ജനനതീയതിയും (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ കോപ്പി അടക്കം ചെയ്യുക)

3. രക്ഷാകർത്താവിന്റെ പേരും പൂർണ്ണമായ വിലാസവും (ജില്ല ഉൾപ്പെടെ) അപേക്ഷകനുമായുള്ള ബന്ധവും
   ഫോൺ:

4. രക്ഷകർത്താവിന്റെ വാർഷിക വരുമാനം (വാർഷിക വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം)

5. ഏതു കലാശാഖയിലാണ് പരിശീലനം നടത്തുന്നത്
   - എ) ഭരതനാട്യം
   - ബി) മോഹിനിയാട്ടം, കേരളനൃത്തം
   - സി) ശാസ്ത്രീയസംഗീതം - വായ്പാട്ട്
   - ഡി) ശാസ്ത്രീയ സംഗീതം
     - i) വയലിൻ
     - ii) വീണ
     - iii) മൃദംഗം

   (ഏതാണെന്ന് വ്യക്തമാക്കുക)

6. ഇപ്പോൾ ഏതു വിദ്യാലയത്തിൽ/ അദ്ധ്യാപകന്റെ കീഴിൽ ശിക്ഷണം നേടുന്നു ? എത്ര വർഷമായി ഇവിടെ പഠിക്കുന്നു ? (ഇതിനുള്ള രേഖകൾ ഹാജരാക്കണം)

7. അപേക്ഷകൻ ഇതിനുമുമ്പ് മേൽസൂചിപ്പിച്ച കലാവിഭാഗത്തിൽ പരിശീലനം നേടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ചേർക്കുക.

8. അപേക്ഷകന് മേല്പറഞ്ഞ കലാവിഭാഗത്തിൽ വല്ല ബഹുമതിപത്രങ്ങളോ സമ്മാനങ്ങളോ ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ചേർക്കുക. (ഇതിനുള്ള രേഖകൾ ഹാജരാക്കണം)

9. ഗവൺമെന്റിൽനിന്നോ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽനിന്നോ ധനസഹായം ലഭിക്കുന്നുണ്ടോ ?

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ ഞാൻ സത്യം ബോധ്യപ്പെടുത്തുന്നു.

(രക്ഷിതാവിന്റെ പേരും ഒപ്പും) (അപേക്ഷകന്റെ ഒപ്പ്)

(മറുപുറം)

## അദ്ധ്യാപകന്റെ ശുപാർശ

മേൽപ്പറഞ്ഞ കുട്ടിയെ വിഭാഗത്തിൽ കൊല്ലമായി ഞാൻ പരിശീലിപ്പിച്ചു വരുന്നു. സ്റ്റൈപ്പന്റിന് തെരഞ്ഞെടുക്കുന്നപക്ഷം തുടർന്നും പരിശീലനം നൽകുന്നതിന് എനിക്ക് സമ്മതമാണ്.

(അദ്ധ്യാപകന്റെ ഒപ്പ്)

സ്ഥാപനത്തിന്റെ സീല്

പേരും പൂർണ്ണമായ വിലാസവും

---

## ഓഫീസ് ഉപയോഗത്തിന് മാത്രം

# കേരള സംഗീത നാടക അക്കാദമി
## കുട്ടികൾക്ക് കലാപരിശീലനത്തിന് ധനസഹായം നൽകുന്നതിനുളള നിയമങ്ങൾ

(1) ഈ പദ്ധതിയനുസരിച്ച് അക്കാദമിയുടെ ബഡ്ജറ്റിനു വിധേയമായി ഒരു കുട്ടിക്ക് പ്രതിമാസം 300/- രൂപാ വീതം ഒരു വർഷത്തേക്ക് സ്റ്റൈപ്പന്റ് കാലാവധി നിശ്ചയിച്ചിട്ടുളളതും താഴെ അഞ്ചാം റൂളിൽ പറയും പ്രകാരം വീണ്ടും തെരഞ്ഞെടുക്കുന്നപക്ഷം സ്റ്റൈപ്പന്റ് തുടർന്ന് നൽകാവുന്നതുമാകുന്നു. ബഡ്ജറ്റിനു വിധേയമായി ഈ ധനസഹായം പ്രതിവർഷം വീണ്ടും തുടർന്ന് തെരഞ്ഞെടുക്കപ്പെടുന്നവരും പുതിയതായി തെരഞ്ഞെടുക്കപ്പെടുന്നവരും ഉൾപ്പെടെ 125 കുട്ടികൾക്കുവരെ നൽകാവുന്നതാണ് എന്ന് ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

(2) സ്റ്റൈപ്പന്റിനുളള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ അയക്കേണ്ടതാണ്.

(3) കർണ്ണാടക സംഗീതത്തിൽ വായ്പാട്ടും വാദ്യസംഗീതവും, നൃത്തവിഭാഗത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, കേരളനൃത്തം എന്നീ കലാശാഖകളിൽ പരിശീലനം നേടുന്നതിന് മാത്രമേ ഈ പദ്ധതിയനുസരിച്ച് സ്റ്റൈപ്പന്റ് നൽകുകയുളളൂ.

(4) സ്റ്റൈപ്പന്റിനായി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടിയുടെ പ്രായം അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ പതിനേഴ് വയസ്സിൽ കൂടാനോ പത്തു വയസ്സിൽ കുറയാനോ പാടില്ല.

(5) തുടർന്ന് പഠിക്കുന്ന കുട്ടികളേയും പുതുതായി തെരഞ്ഞെടുക്കേണ്ട കുട്ടികളേയും നിശ്ചയിക്കുന്നത് കേരള സംഗീത നാടക അക്കാദമിയുടെ തീരുമാനം അനുസരിച്ചായിരിക്കും.

(6) സ്റ്റൈപ്പന്റിനായി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടിയുടെ രക്ഷിതാവിന് 75,000/- രൂപയിൽ കവിഞ്ഞ വാർഷിക വരുമാനം ഉണ്ടായിരിക്കരുത്. വാർഷിക വരുമാനം തെളിയിക്കുന്ന രേഖ വില്ലേജ് ഓഫീസറിൽനിന്നും വാങ്ങി രക്ഷിതാവ് ഹാജരാകേണ്ടതാണ്.

(7) തെരഞ്ഞെടുക്കപ്പെടുന്ന കുട്ടി അക്കാദമി അംഗീകരിക്കുന്ന സ്ഥാപനത്തിന്റെയോ, അദ്ധ്യാപകന്റെയോ കീഴിൽ പരിശീലനം നേടേണ്ടതാണ്.

(8) സ്റ്റൈപ്പന്റ് ലഭിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ മദ്ധ്യവേനൽ അവധി അനുവദിക്കുന്ന സ്ഥാപനങ്ങളിലോ ഗുരുക്കന്മാരുടെ കീഴിലോ പഠിക്കുന്നവരാണെങ്കിൽ അങ്ങനെയുളള വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് മദ്ധ്യവേനൽ അവധികാലമായ ഏപ്രിൽ,മെയ് എന്നീ രണ്ടു മാസത്തേക്ക് സ്റ്റൈപ്പന്റ് നൽകുന്നതല്ല. എന്നാൽ മേൽപ്രകാരം മദ്ധ്യവേനൽ അവധി അനുവദിക്കാത്ത സ്ഥാപനങ്ങളിലും അദ്ധ്യാപകരുടെ കീഴിലും പഠിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് കൊല്ലത്തിൽ പന്ത്രണ്ട് മാസവും സ്റ്റൈപ്പന്റ് നൽകുന്നതാണ്.

(9) കലാപരിശീലനത്തിന് അക്കാദമിയിൽനിന്നും ധനസഹായം നൽകുന്നത് പരമാവധി ആറു വർഷത്തേക്കായിരിക്കും. എന്നാൽ ഓരോ വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടേയും പഠനപുരോഗതി ഓരോ വർഷവും അക്കാദമി നിർവ്വാഹകസമിതി പരിശോധിച്ചശേഷം വർഷാവസാനമാകുമ്പോൾ അടുത്ത വർഷത്തേക്ക് ധനസഹായം തുടർന്നു നൽകണമോ എന്ന് തീരുമാനിക്കുന്നതാണ്.

(10) കേരളത്തിൽ ജനിച്ചുവളർന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് അവർ എവിടെ കലാപഠനം നിർവ്വഹിക്കുന്നു എങ്കിലും ധനസഹായത്തിന് തെരഞ്ഞെടുക്കുവാൻ അർഹത ഉണ്ടായിരിക്കും.

(11) എതു രാജ്യത്തിൽനിന്നും കേരളത്തിൽ വന്നവരാണെങ്കിലും കേരളത്തിൽ കലാപഠനം നിർവ്വഹിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ഈ ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കും.

(മറുപുറം)

(12) സ്റ്റൈപ്പന്റ് നൽകപ്പെടുന്ന കുട്ടി പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽനിന്നും മാറി മറ്റേതെങ്കിലും സ്ഥാപനത്തൽ പഠിക്കുന്നതിനോ ഗുരുനാഥനെ മാറ്റി വേറെ ഏതെങ്കിലും ഗുരുനാഥന്റെ കീഴിൽ പരിശീലനം നേടുന്നതിനോ ആഗ്രഹിക്കുന്നപക്ഷം ആ വിവരം അക്കാദമിയെ അറിയിച്ച് അക്കാദമിയുടെ രേഖാമൂലമുള്ള സമ്മതം വാങ്ങിയിരിക്കണം.

(13) വിദ്യാർത്ഥിയുടെ പഠനപുരോഗതി കാണിക്കുന്ന റിപ്പോർട്ട് മൂന്നു മാസത്തിലൊരിക്കൽ അദ്ധ്യാപകനോ സ്ഥാപനത്തിന്റെ ഭാരവാഹിയോ അക്കാദമിയിലേക്ക് അയച്ചുതരുവാൻ ചുമതലപ്പെട്ടിരിക്കണം.

(14) കുട്ടിയുടെ പഠനപുരോഗതിയെപ്പറ്റിയുള്ള റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കുവാൻ അക്കാദമി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. പ്രസ്തുത പുരോഗതിയെപ്പറ്റി സംശയമുള്ളപക്ഷം അക്കാദമി സെക്രട്ടറി പഠനപുരോഗതി നേരിട്ടുപോയി കണ്ട് തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ സെക്രട്ടറിയുടെ തീരുമാനം നിർവ്വാഹകസമിതിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

(15) കുട്ടിയുടെ പ്രോഗ്രസ്സ് റിപ്പോർട്ട് തൃപ്തികരമല്ലാതെ വരികയോ അക്കാദമിക്ക് അയച്ചുതന്നിട്ടുള്ള റിക്കാർഡുകളിൽ തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് അക്കാദമിക്ക് ബോദ്ധ്യംവരികയോ ചെയ്താൽ കുട്ടിയുടെ സ്റ്റൈപ്പന്റ് നിറുത്തൽ ചെയ്യാനുള്ള അധികാരം അക്കാദമിക്ക് ഉണ്ടായിരിക്കുന്നതാണ്.

(16) സ്റ്റൈപ്പന്റിനായി അക്കാദമിയിൽ തരുന്ന രശീതിന്മേൽ രക്ഷാകർത്താവിന്റെ കയ്യൊപ്പിന് പുറമെ പഠിപ്പിക്കുന്ന അദ്ധ്യാപകന്റെയോ സ്ഥാപനത്തിന്റെ ഭാരവാഹിയുടേയോ ഒപ്പും പേരും ഉണ്ടായിരിക്കേണ്ടതാണ്.

(17) സ്റ്റൈപ്പന്റിന് അപേക്ഷ സമർപ്പിക്കുമ്പോൾ മറ്റേതെങ്കിലും മാർഗ്ഗങ്ങളിൽ കലാപരിശീലനത്തിന് ധനസഹായം ഒന്നുംതന്നെ അപേക്ഷകന് ലഭിക്കുന്നില്ല എന്ന വിവരം കാണിച്ച് ഒരു ഡിക്ലറേഷൻ അപേക്ഷകൻ അക്കാദമിക്ക് തന്നിരിക്കേണ്ടതാണ്. ഏതെങ്കിലും മാർഗ്ഗത്തിൽ അപേക്ഷകന് നൽകുന്ന ധനസഹായം അപേക്ഷകൻ മടക്കി അക്കാദമിയിൽ അടക്കേണ്ടതാണെന്നും അങ്ങനെ അടക്കാത്തപക്ഷം അപേക്ഷകനും അപേക്ഷകന്റെ രക്ഷകനും എതിരായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് സ്റ്റൈപ്പന്റിനായി നൽകിയ തുക അപേക്ഷകരിൽനിന്നും ഈടാക്കുവാൻ അക്കാദമിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണെന്നും ഡിക്ലറേഷനിൽ രേഖപ്പെടുത്തി അപേക്ഷകൻ ഒപ്പുവെച്ചിരിക്കണം.

(18) ഈ തീരുമാനങ്ങളിൽ കാലാകാലങ്ങളിൽ ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ വരുത്തുന്നതിന് ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി കേരള സംഗീത നാടക അക്കാദമി നിർവ്വാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും.